# ചിറകുകൾ



# MTHSS VENMONY

# mthss
# venmony






# Editorial ........

വിവരവിനിമയെ സാങ്കേതികവിദ്യ അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പുത്തൻഅറിവുകളും അനുഭവങ്ങളും പങ്കുവെച്ചുകൊണ്ട് നമ്മുടെ ലിറ്റിൽ കൈറ്റ്സ് കുട്ടുകാർ തയ്യാറാക്കുന്ന ചിറകുകൾ എന്ന ഡിജിറ്റൽ മാഗസിൻ ഏവർക്കും ഒരു പ്രചോദനമായി മാറട്ടെ . ആകാശങ്ങൾക്കപ്പുറം പുത്തൻ അറിവിൻറെ ചിറകുകൾ വിടർത്തി പറന്നുയരാൻ ഓരോ കുട്ടിപ്പട്ട ങ്ങൾക്കും സാധിക്കട്ടെ . ചിറകുകൾക്ക് കരുത്തേകാൻ നിങ്ങളുടെ അധ്യാപകർക്കും രക്ഷിതാക്കൾക്കും കഴിയട്ടെ . എന്നുമീ ചിറകുകൾ പറന്നുയരട്ടെ .......നാളെയുടെ സ്വപ്നങ്ങൾക്ക് നിറം പകരുവാൻ ........

published by masters & members of little kites



സന്ദേശം

പ്രീയ ലിറ്റിൽ കൈറ്റ്സ് ,

ഈ ആധുനിക കാലഘട്ടത്തിൽ വിവരസാങ്കേതിക വിദ്യയുടെ മുന്നേറ്റത്തിൽ ഏറെ പ്രതീക്ഷകളോടെ വളർന്നുകൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാകാൻ കഴിഞ്ഞത് ഒരു ഭാഗ്യമാണ്.ഇതിൽ നിന്ന് കിട്ടുന്ന ഓരോ അറിവും നിങ്ങൾക് മുതൽ കൂട്ടായിരിക്കും.വെൺമണി മാർത്തോമാ ഹൈർസെക്കന്ഡറി സ്കൂൾ ലിറ്റിൽ കൈറ്റ്സ് തയാറാക്കിയ "ചിറകുകൾ "എന്ന ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ കരുത്തും ഊർജ്ജവും പകരട്ടെ എന്ന ആശംസിക്കുന്നു വിവരസാങ്കേതിക വിദ്യയുടെ നന്മകൾ മാത്രം ഉൾകൊണ്ട് പുതിയ കാലഘട്ടങ്ങളിലെ വെല്ലുവിളികൾ സധൈര്യം നേരിടാനും അവ സമൂഹത്തിന്റെ നന്മക്കായി പ്രയോജനപ്പെടുത്തുവാനും കഴിയട്ടെ. ലിറ്റിൽ കൈറ്റ്സ് നർത്തൃത്വം നൽകുന്ന സജിനി ശാമുവേൽ ടീച്ചർ , ലിൻസി തങ്കം ജോൺ ടീച്ചർ , ലിറ്റിൽ കൈറ്റ്സ് അംഗങ്ങകള് എല്ലാവരെയും അഭിനന്ദിക്കുകയും ചെയ്യുന്നു

സസ്നേഹം

സജി അലക്സ്

വെൺമണി

20/2/2024

ഹെഡ് മാസ്റ്റർ

....കൂട്ടുകാരി..

ഇന്ന് 6 ആം തിയതി. വെറുതെ ഇരുന്ന് അമ്മയോട് സംസാരിച്ചു കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് അമ്മയുടെ കൂട്ടുകാരി വിളിക്കുന്നത്. അവർ ആരുടെ കയ്യിൽ നിന്നോ നമ്പർ കണ്ടു പിടിച്ചു വിളിച്ചതാണ്. അമ്മക്ക് വളരെ സന്തോഷമായി. അത് കഴിഞ്ഞപ്പോൾ അമ്മ എന്നോട് ചോദിച്ചു: നിനക്ക് 1 ആം ക്ലാസ്സിൽ പഠിക്കുമ്പോൾ ഒരു കൂട്ടുകാരി ഉണ്ടായിരുന്നല്ലോ? അവൾ 1 ആം ക്ലാസ് തീർന്നപ്പോൾ ആ വിദ്യാലയത്തിൽ നിന്ന് പോയല്ലോ, അവളൊക്കെ എവിടെ ആവോ എന്ന്. അപ്പോഴാണ് ഞാൻ അവളെ പറ്റി ഓർത്തതു.

ഞാൻ വെറുതെ ഫേസ്ബുക്കിൽ കയറി നോക്കി, അവൾ ഉണ്ടോ എന്ന്. അപ്പോൾ ആണ് ഓർത്തത് ഞാൻ അവളെ കണ്ടു 17 വർഷം ആയി. മുഖഛായ തന്നെ മാറി പോയിട്ടുണ്ടാവും എന്ന് എനിക്ക് തോന്നി. പക്ഷെ അവളെ പോലെ, അതെ പേരിൽ ഒരു കുട്ടി ഉണ്ടായിരുന്നു. ഞാൻ അവൾക്കു ചെറുപ്പത്തെ 1 ആം ക്ലാസ്സിലെ ഫോട്ടോ അയച്ചു കൊടുത്തു. അവൾ ഇത് ഞാൻ ആണ് എന്നും പറഞ്ഞു. അപ്പോഴാണ് രണ്ടു പേർക്കും തമ്മിൽ തമ്മിൽ മനസ്സിലായത്. പിന്നീട് ഞാനും അവളും ഒരുപാട് നേരം സംസാരിച്ചു കൊണ്ടിരുന്നു. 17 വർഷത്തെ പറയാൻ വിട്ടുപോയതെല്ലാം പറഞ്ഞു. ഫേസ്ബുക്ക് വഴി പഴയ സൗഹൃദം വീണ്ടെടുത്തു.. അങ്ങനെ വീണ്ടും അ സൗഹൃദയം വീണ്ടടുത്തു. ഞാൻ ഒരിക്കിലും പ്രതീക്ഷിചിട്ടില്ല അവളെ ഞാൻ വിളിക്കും എന്ന് .............

Aadya. Anil

Class. 8B




## കൊറോണ തന്ന ദുരിതങ്ങൾ

---------------------------------------

ചൈനയിൽ നിന്നും വന്ന മഹാമാരിയായ കൊറോണയെ നീ
നെൽമണികൾ പൊഴിക്കുന്നത് പോലെ  കവർന്നെടുത്തില്ലേ ഓരോ ജീവനുകളും
പറന്നുവന്നു നീ പച്ചപിടിച്ച ഒരു കേരള മണ്ണിലും
ലോക് ഡൗൺ പ്രഖ്യാപിച്ച് നീ കാരണം ജനങ്ങൾ വീടിനുള്ളിൽ കുടുങ്ങി
മുലപ്പാൽ കിട്ടാതെ കരയുന്ന കുഞ്ഞിനെ പോലെ
മദ്യത്തിനായി കേഴുന്ന മദ്യപാനികളും
മദ്യം കിട്ടാതെ വന്നപ്പോഴോ ഒരു മുഴം കയറിലാടി തീർത്തു കളഞ്ഞല്ലോ നിന്റെ ജീവിതം.
ചൈനയിൽ നിന്നും വന്ന മഹാമാരിയായ കൊറോണയെ  നിന്നെ ഒറ്റക്കെട്ടായി ജാഗ്രതയോടെ നശിപ്പിക്കും ഞങ്ങൾ.
ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കും
ഇടവിട്ട് ഇടവിട്ട് കൈകഴുകി നമ്മൾ ശുചിത്വം ഉറപ്പാക്കും.
നമ്മളിൽ ഒരാൾ വിചാരിച്ചാൽ ഒരു സമൂഹം രക്ഷപെടും .
ആരോഗ്യപരമായി തരുന്ന എല്ലാ സേവനങ്ങൾക്കും എന്നും ജനങ്ങൾ നിങ്ങളോട് കടപ്പെട്ടിരിക്കും.
ജനങ്ങൾക്ക് വേണ്ടി എല്ലാം മറന്ന് സേവനം ചെയ്യുന്ന ഡോക്ടർമാരും,  നേഴ്സുമാരും മറ്റുള്ള ആരോഗ്യപ്രവർത്തകർക്കും കൊറോണേ നീ അറിയുന്ന അവർക്ക് നീ നൽകിയത് ദുരിതങ്ങൾ.
ജനങ്ങൾക്ക് വേണ്ടി എല്ലാം മറന്ന് സേവനം ചെയ്യുന്ന പോലീസുകാരെ നിങ്ങൾ കൊടുക്കുന്ന ശിക്ഷകൾ പൊറുക്കും ജനങ്ങൾ.
കൊറോണതാൻ മരണത്തെക്കാൾ വലുതല്ല ഭൂമിയിൽ ഇതൊന്നും.
മഹാമാരിയായ നിന്നെയും ചുമന്നു  എല്ലാം സഹിച്ചു പൊഴിഞ്ഞുപോയ ജീവന്റെ ഉറവിടമായ ഓരോ ശരീരവും പത്തടി മണ്ണിൽ നിദ്രയിൽ ആക്കുമ്പോൾ വീഡിയോ കോൾ വഴി യാത്രാമൊഴി
നൽകുന്ന ഉറ്റവർ ഉടയവർ ലോകജനങ്ങളും.
സഹിക്കില്ല കോറോണേ  സഹിക്കില്ല നിന്റെ താണ്ഡവം സഹിക്കില്ല ഞങ്ങൾ.
പച്ച പിടിച്ചൊരു കേരള മണ്ണിൽ പറന്നെത്തിയ കൊറോണയെ നിന്നെ അന്ത്യംവരിച്ചു ശുഭം വരുത്തിടും ഞങ്ങൾ.

{അഭിനവ് പ്രദീപ്} 8D





# നഷ്ട നൊമ്പരം

[ അഭിനവ് പ്രദീപ് ] 8D
----------------------------------

ശാപജന്മങ്ങൾ  ബലിയാടാകുന്ന മണ്ണിൽ കേൾക്കുന്ന  ദീനരോദനത്തിന് ചെവി കൊടുക്കില്ല ഞാൻ.
കരയുന്ന കണ്ണിന്റെ  നനവു മാറ്റാൻ   പൊന്തില്ല എൻ കരങ്ങൾ .
ഹൃദയമേ   നിൻ മുറിവുകൾ തന്നൊരു വേദന അറിയുന്നതോ ഈ വാർദ്ധക്യത്തിലും.
മനസ്സിന്റെ നൊമ്പരം മാറ്റുവായി ഞാൻ എല്ലാ ഓർക്കുന്ന നിമിഷങ്ങൾ 10 മാസം ചുമന്ന് നൊന്തു പെറ്റൊരു ഉണ്ണിയെ ഹൃദയത്തോട് ചേർത്തു വെച്ച് പൈതലേ നിന്നെ ഞാൻ വളർത്തി.
നിന്റെ മലമൂത്ര വിസർജിയം സുഗന്ധമായി ഞാൻ ആസ്വദിച്ചു
നിന്റെ വളർച്ചയിൽ അഹങ്കരിച്ച ഒരു അമ്മയോ ഞാൻ.
അറിഞ്ഞില്ല ഞാൻ എന്റെ യൗവനം മാഞ്ഞത്  നിന്റെ യൗവനം എന്റെ വാർദ്ധക്യത്തിൽ തുടക്കമേകി  എന്റെ മുടിയിരകൾ നരക്ക് ഇടങ്ങൾ കൊടുത്തു ശരീരമോ ചുളിവുകൾക്ക് പ്രാധാന്യം നൽകി  പല്ലുകളോ കൊഴിഞ്ഞുവീണ് പുച്ഛിച്ച്  നടത്തത്തിന് സുഖമേകി ഊന്ന് വടികളും.
കാലനെ കാത്തിരിക്കുന്ന ശാപനിമിഷത്തിലും  പൊന്മകനെ നിന്റെ ചലനങ്ങൾക്ക് കാതോർക്കുന്നു ഞാൻ .
കുഴിഞ്ഞ കണ്ണിൽ നിന്നും അടരുന്ന തുള്ളികൾ തുടയ്ക്കാൻ നിന്റെ കരങ്ങൾ ഞാൻ ആഗ്രഹിച്ചു .
നിന്റെ ഒരു തുള്ളി ദാഹജലത്തിനായി എന്റെ നാവുകൾ  നീട്ടുന്നു ഞാൻ.
നിന്റെ അമ്മ ചെയ്ത തെറ്റിന് ഉദാഹരണമായി ഈ ഭൂമി നയിക്കുന്ന യാത്രയിൽ ചലനം മറ്റെന്റെ ശരീരം താങ്ങാൻ  നിന്റെ കരങ്ങൾ ഞാൻ ആഗ്രഹിച്ചു .
എല്ലാം കഴിഞ്ഞു തിരിഞ്ഞു നോക്കുമ്പോൾ  താണ്ഡവം  ആടുന്നൊരാഗ്നിയിൽ ചലന മറ്റ് നിൻ അമ്മതൻ ശരീരം കത്തിയമർന്ന്  ഒരുപിടി ചാരമായി മാറിയില്ലേ പൊന്മകനെ

# കവിത

ആ പൂവ് നീ എന്ത് ചെയ്തു
ഏതു പൂവ്
രക്ത നക്ഷത്രം പോലെ
 കടും ചെമപ്പായ ആ പൂവ്
ഓ അതോ ?
അതെന്തു ചെയ്തു
തിടുക്കപ്പെട്ടു
അന്വേഷിക്കുന്നതെന്തിന് ?
ചവിട്ടി അരച്ച് കളഞ്ഞോ
എന്നറിയാൻ........
കളഞ്ഞെങ്കിൽ  എന്ത് ?
ഓ ഒന്നുമില്ല



എന്റെ ഹൃദയമായിരുന്നു
അത്

-വൈക്കം മുഹമ്മദ് ബഷീർ
ആരോൺ കോശി തോമസ്
10

# പ്രകാശം പരത്തുന്ന മനുഷ്യ ജീവിതങ്ങൾ

2018 ആഗസ്റ്റ് 15 അന്ന് ഞങ്ങളുടെ നാട്ടിലൊരു മഴ പെയ്തു. മഴയല്ലെ എല്ലാവർക്കു ഇഷ്ട്ടമല്ലെ സന്തോഷത്തോടെ ഞാനോടി മുറ്റത്തേക്കിറങ്ങി. കുറച്ചു നേരം കഴിഞ്ഞപ്പോൾ എനിക്കു ചുറ്റും അൽപ്പം വെള്ളമുയരാൻ തുടങ്ങി, പക്ഷെ ഞാനത് കാര്യമാക്കിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ മഴയുടെ ശക്തി കൂടി അപ്പോൾ ഞാൻ വീട്ടിൽ കയറി. കുറച്ചു ദിവസം നിർത്താതെ മഴ പെയ്തു. ആറുകളിലെ ജലനിരപ്പ് ഉയരാൻ തുടങ്ങി. കണ്ണുചിമ്മി തുറക്കുന്ന നേരം കൊണ്ട് അത് മഹാ പ്രളയമായി മാറി. ഞാൻ ഭയന്നു ആരോടുപറയും എങ്ങനെ രക്ഷപെടും. വീട്ടിനുള്ളിൽ വെള്ളം ഉയർന്നു വന്നപ്പോൾ ഞങ്ങൾ വീടിനു മുകളിലേക്ക് കയറി. അപ്പോൾ ഒരു കൈ ഞങ്ങളുടെ നേരെ വന്നു. ഞങ്ങൾ ആ കൈയ്യിൽ പിടിച്ച് കയറി. ഒരു ഹെലികോപ്റ്റർ,ഞാൻ അതിൽ നിന്ന് താഴേക്ക് നോക്കി. മത്സ്യതൊഴിലാളികൾ ഇന്ത്യൻ  സൈന്യം എല്ലാവരും സ്വന്തം ജീവൻ പോലും പണയം വെച്ച് മറ്റുള്ളവരെ രക്ഷിക്കുന്നു. ജാതിമതഭേദമന്യെ എല്ലാവരും എല്ലാവരേയും രക്ഷിക്കുന്നു. ഞങ്ങൾ ദുരിതാശ്വാസക്യാമ്പിലെത്തിയപ്പോൾ മറ്റുള്ളവർ അവരുടെ സ്വന്തം സാധനങ്ങൾ ഒരു പരിചയവും ഇല്ലാത്തവർക്ക് കൊടുക്കുന്നു. അപ്പോൾ ഞാൻ മനസ്സിലാക്കി ഈ ജാതിയിലും മതത്തിലുമൊന്നും ഒരു കാര്യവുമില്ല. ഒരു അപകടം വന്നാൽ കൂടെയുള്ളവർ കറുത്തവനാണോ വെളുത്തവനാണോ, പണക്കാരനാണോ ദരിദ്രനാണോ എന്നൊന്നും നോക്കാതെ എല്ലാവരും ഒറ്റകെട്ടായിനിൽക്കുമെന്ന്. ഇങ്ങനെ നമ്മൾ കേരളിയരെ ദൈവ്വം പഠിപ്പിച്ച ഒരു പാഠമാണ് 2018 പ്രളയകാലം.

അദ്വൈത് . പ്രസാദ്
സ്റ്റാൻഡേർഡ്:8:D

# KNOW YOUR WORTH

**A speaker started his speech by showing a dollar 20 to the public. He asks the people "who want this..?" There was no surprise to see that all of them raised their hands. He offered to give money to one of them but insisted that he will do something to it. He crumpled the paper money & showed it again to the crowd & repeated the question "who want this?." still everyone raised their hands. He then put the money into the ground & stepped on it & then raised it again & offered it to the public. People gathered there. Still showed interest to take that money despite seeing how dirty the note was. He told to the public "no matter what i did to this money, you all still wanted this.." you all went in favor of my offer just because the value of the money never decreased despite what all i did to it.**

**Similarly, value yourself despite the painful conditions or failures.**

**Moral:- believe in yourself and work hard to achieve success. Value your self irrespective of the failures or obstacles and don't degrade yourself just because of the temperary setbacks.**

**BY,**
**AISHWARYA RAJESH**
**8 B**

അന്നദാനം മഹാദാനം

പണ്ടൊരിക്കൽ ഒരു കാട്ടിൽ ഒരു സന്യാസിയായ മഹർഷിയും തന്റെ ഭാര്യയും തങ്ങളുടെ മകനുമൊത്തു സന്തോഷത്തോടെ ജീവിച്ചു പോരുകയായിരുന്നു. ഒരിക്കൽ മഹർഷിയുടെ ഭാര്യ വിറകിനായി പുറപ്പെട്ടു. വിറക് ശേഖരിച്ചു തിരിച്ചു വരുന്ന വഴിയിൽ ഒരു ചെറുപ്പക്കാരനായ യുവാവിനെ കണ്ടുമുട്ടി. ആ സ്ത്രിയോട് ആ യുവാവ് വളരെ വിനയപൂർവം പറഞ്ഞു. എനിക്ക് അൽപ്പം ഭക്ഷണം കിട്ടീരുന്നെങ്കിൽ നന്നായിരുന്നു. ആ സ്ത്രീ പറഞ്ഞു. തീർച്ചയായും! എന്റെ കൂടെ വരൂ ഞാൻ നിങ്ങൾക്ക് നല്ല ചൂട് കഞ്ഞിയും, പയറും നൽകാം ആ സ്ത്രീയുടെകുടെ അയാൾ വീട്ടിൽ എത്തി. അപ്പോൾ അവിടുത്തെ കുട്ടി പറഞ്ഞു ഇയാളാരാ? എന്താ കാര്യം? ഭക്ഷണത്തിനായി വന്നതാണോ? ഭക്ഷണമൊന്നും ഇവിടെ ഇല്ല വേഗം സ്ഥലം വിട്ടോ!അയാൾ നിരാശനായി അപ്പോൾ ആ സ്ത്രീ ദേഷ്യത്തോടെ പറഞ്ഞു. ഇങ്ങനെയാണോ മുത്തവരോട് പെരുമാറണ്ടത് "അന്നദാനം മഹാദാനം "ഒരിക്കലും വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കാതിരിക്കരുത് എന്ന് പറഞ്ഞ് ആ യുവാവിനെ അകത്ത് ക്ഷണിച്ച് വേണ്ടുവോളം ഭക്ഷണം കൊടുത്തു വിശപ്പകറ്റി അയാൾ സന്തോഷത്തോടെ മടങ്ങി.

Akhila prasannan **8D**

# നമുക്കു ശത്രു നാം തന്നെ

വളരെ വർഷക്കാലം മുൻപ് നടന്ന ഒരു ചെറിയ സംഭവത്തെ അടിസ്ഥാനമായി എഴുതുന്നു.

ചെറിയ ഒരു ഗ്രാമം ആ ഗ്രാമത്തിൽ എല്ലാവരും മഹാന്മാരായ വ്യക്തികളെപ്പോലെ വിദ്യാഭ്യാസവും പഠനവും ആഗ്രഹിച്ചിരുന്നു. ആ ഗ്രാമത്തിലെ ആളുകൾക്ക് വിദ്യാഭ്യാസത്തിനായി ആകെ ആശ്രയം ഉണ്ടായിരുന്നത് ഒരു ചെറിയ വിദ്യാലയം ആയിരുന്നു അവിടെ നിന്ന് ലഭിക്കുന്ന അറിവ് മാത്രമാണ് അവിടെയുള്ള ആളുകൾക്ക് ഉണ്ടായിരുന്നത്. അവിടെ അമൽ എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. അവന്റെ കുടുംബം സാമ്പത്തികമായും വിദ്യാഭ്യാസവുമായി വളരെ പിന്നോക്കം നയിച്ചവരായിരുന്നു. അവന്റെ മാതാപിതാക്കളുടെ ഏക പ്രതീക്ഷ അവനിലായിരുന്നു. തങ്ങളുടെ മകന് നല്ല രീതിയിലുള്ള വിദ്യാഭ്യാസം ലഭിക്കണമെന്ന് അവന്റെ അച്ഛനും അമ്മയും അതിയായി ആഗ്രഹിച്ചിരുന്നു. തങ്ങൾക്ക് ലഭിക്കാതെ പോയ പഠനവും വിദ്യാഭ്യാസവും അവനു ലഭിക്കണം എന്നും, അവൻ നല്ലൊരു നിലയിൽ എത്തിയതിനുശേഷം തങ്ങളുടെ ജീവിത പ്രാരാബ്ധങ്ങൾ എല്ലാം മാറും എന്നും അവന്റെ മാതാപിതാക്കൾ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അമൽ പഠനത്തിലും മറ്റു കാര്യങ്ങൾക്കും അലസത പ്രകടിപ്പിക്കുന്ന ഒരു കുട്ടിയായിരുന്നു. തങ്ങളുടെ മകന്റെ അലസതയും പഠനത്തിനുള്ള താൽപര്യക്കുറവും മാറാനായി അവർ അവനെ നല്ല രീതിയിൽ ഉപദേശിച്ചും, തങ്ങളുടെ ഇപ്പോഴത്തെ ഈ അവസ്ഥയും ഈ കഷ്ടപ്പാടും മാറണമെങ്കിൽ അവൻ പഠിക്കണം എന്നെല്ലാം അവർ നിരന്തരം പറഞ്ഞു. എന്നാൽ അതിൽ നിന്ന് അവർക്ക് ഒരു ഫലവും കണ്ടിരുന്നില്ല.

അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം. അമൽ തന്റെ അമ്മയെയും കൂട്ടി സ്കൂളിൽ ചെന്നു. അവർ വരുന്നത് അമലിന്റെ അധ്യാപകൻ ശ്രദ്ധിച്ചു. അമലിന്റെ അധ്യാപകൻ അവന്റെ അമ്മയോട് ഇപ്പോൾ സ്കൂളിലേക്ക് വരാനുള്ള കാരണം തിരക്കി. അപ്പോൾ അമലിന്റെ അമ്മ അധ്യാപകനോട് പറഞ്ഞു അമൽ എപ്പോഴും സ്കൂളിൽ വരാതെയും ക്ലാസുകൾ മുടക്കിയും പല ചീത്ത കൂട്ടുകെട്ടുകളിൽ ആയി ചേർന്ന് നടക്കുകയാണ് എന്ന് അമലിന്റെ അമ്മ അധ്യാപകനോട് വിഷമത്തിൽ പറഞ്ഞു. അമലിന്റെ അമ്മ തങ്ങളുടെ കുടുംബത്തെ പറ്റിയും അവനിലുള്ള അവരുടെ പ്രതീക്ഷയെപ്പറ്റിയും അവന്റെ പറഞ്ഞു. ഇതെല്ലാം കേട്ട അധ്യാപകൻ അവനെ തനിച്ചായി ഒന്നു കാണണമെന്ന് പറഞ്ഞു. അധ്യാപകൻ അവനെ ഒരു ദർപ്പണത്തിന്റെ മുന്നിൽ കൊണ്ടു നിർത്തി. അവൻ ആധാർപ്പണത്തിലേക്ക് നോക്കിയതിനുശേഷം ഒന്നും മനസ്സിലാകാത്ത മട്ടിൽ നിന്നു. അധ്യാപകൻ അവന്റെ പ്രശ്നങ്ങളും പഠനത്തോടുള്ള താൽപര്യക്കുറവും തിരക്കി. അധ്യാപകൻ അതിൽനിന്നും പലതും മനസ്സിലാക്കിയ ഭാവത്തിൽ അവനെ നോക്കി. എന്നിട്ട് അവനോട് പറഞ്ഞു ഈ ദർപ്പണത്തിലേക്ക് നോക്കൂ. അവൻ നോക്കിയിട്ട് പറഞ്ഞു ഇതിൽ എന്താണ് കാണാനുള്ളത്, എന്റെ പ്രതിബിംബം അല്ലേ ഇത് എന്നവൻ അധ്യാപകനോട് പറഞ്ഞു. അപ്പോൾ അധ്യാപകൻ അവനോട് പറഞ്ഞു ഇത് പ്രതിബിംബം അല്ല നിന്റെ യഥാർത്ഥ ശത്രുവാണ്. എന്താണെന്നാൽ നിന്നെ പഠനത്തിൽ നിന്നും മറ്റു ഗുണവശങ്ങളിൽ നിന്നും നിന്നെ പിന്നിലേക്ക് വലിക്കുന്നത് നീ തന്നെയാണ്. നീ തന്നെയാണ് നിന്റെ ജയവും തോൽവിയും തിരഞ്ഞ് എടുക്കുന്നത്. നിന്റെ ജയം നിന്റെ മാത്രം ഉത്തരവാദിത്വമാണ്. ഏതൊരു പ്രതിസന്ധിയിലും തോൽക്കില്ല എന്ന ദൃഢമായ നിശ്ചയമാണ് നീ കൈകൊള്ളേണ്ടത് എന്ന് അധ്യാപകൻ അവരോട് പറഞ്ഞു. അതിൽ നിന്ന് അവന് മനസ്സിലായി താൻ ശ്രമിക്കാത്തതാണ് തന്റെ തെറ്റ് എന്ന്. ഒരു പ്രാവശ്യം എങ്കിലും താൻ ശ്രമിച്ചായിരുന്നു എങ്കിൽ താൻ ജയിച്ചേനെയും എന്ന് അവനു മനസ്സിലായി.

നമ്മൾ ഒരു ദൗത്യം ഏറ്റെടുക്കുമ്പോൾ ഒരു കാര്യം മനസ്സിൽ ഉറപ്പിക്കുക. എനിക്ക് ജയിച്ചേ മതിയാകൂ. ഒരുപക്ഷേ കുറച്ചു വൈകിയേക്കാം. ഒരുപാട് കല്ലുകളും മുള്ളുകളും നിറഞ്ഞ ഈ ജീവിതത്തിൽ മുന്നേറിയെ പറ്റൂ. അത് അത്ര എളുപ്പമല്ല. എങ്കിലും തുടരെയുള്ള കഠിനപ്രയത്നത്തിലൂടെ നമുക്ക് നേടിയെടുക്കാൻ ആകും. പൗലോ പൗലോ യുടെ വാക്കുകൾ നമുക്ക് കടം എടുക്കാം" നമ്മുടെ ആഗ്രഹം തീവ്രമാണെങ്കിൽ അതു നേടി തരുവാൻ
ഈ ലോകം മുഴുവൻ നമ്മുടെ കൂടെ നിൽക്കും".

തയ്യാറാക്കിയത്:ആഷ്‌ലാ ഷാൻ
8D

# ANN FRANK

## “The diary of a young girl”

* “ Look at how a single candle can defy and define the darkness”
* “Deep down the young are lonelier than the old”
* “In spite of everything I still believe that people are really good at heart”*
* “You can be lonely even when you are loved by many people, since you are not anybody’s one and only”
* No one has ever become POOR by giving”
* “Think of all the beuty still left around you and be happy”
* “Whoever is happy will make others happy”
* “We all live with the objective of being happy ;our lives are all all different and yet same””
* :Dead people receive more flowers than the living ones because REGRET is stronger than gratitude”
* What a wonderful thought is that some of the best days of our lives haven’t even happened yet”
* “How wonderfull is that nobody need waita single moment before starting to improvethe world”
* People can tell you to keep your mouth shut, but that doesn’t stop you from having your own opinion”

SUHANA NOUSHAD
9C

ഏകാന്തമായ മഴ

തുടർച്ചയായ പെയ്യുന്ന മഴ .ആരുമില്ലാത്ത അവൾക്ക്മഴ തന്റെ മനസ്സും അച്ഛനും അമ്മയും കൂടപ്പിറപ്പും ഒക്കെ ആയിരുന്നു.അനാഥാലയത്തിന്റെ ജനൽ കമ്പിയിലൂടെ അവൾ സദാ മഴയോട് സല്ലപിച്ചുകൊണ്ടിരുന്നു. അവൾക്കു തോന്നി മഴയും അവളും തമ്മിൽ എന്തോ ആത്മബന്ധം ഉണ്ടെന്ന്. ദിവസവും നിർത്താതെ പെയ്യുന്ന മഴയെ എല്ലാവരും ശപിച്ചപ്പോൾ അവൾ മാത്രം പോകല്ലേ എന്ന് അപേക്ഷഹിച്ചുകൊണ്ടിരുന്നു. അനാഥ മനസ്സിന് മഴ ഒരു കൗതുകം മാത്രമായിരുന്നില്ല അത് അവളുടെ ബാല്യമായിരുന്നു.അച്ഛനും അമ്മയും ഒപ്പമുള്ളപ്പോൾ ലഭിക്കുന്ന സന്തോഷം മഴയെ കാണുമ്പോൾ അവൾക്ക് ലഭിച്ചു.ഏകാന്തമായ അവളുടെ മനസ്സിൽ അവൾ ഏക അല്ല എന്നും തനിക്കൊപ്പം ആരൊക്കെയോ ഉണ്ടെന്നും താൻ ഒറ്റപ്പെട്ടവൾ അല്ല എന്ന് തോന്നൽ തനിക്ക് ആരൊക്കെയോ ഉണ്ട് എന്നൊരു തോന്നൽ ഉണ്ടാക്കിയത് മഴയാണ്.ഈ നിർത്താതെ പെയ്യുന്ന സുന്ദരമായ മഴ സ്നേഹിക്കാനും വെറുക്കാനും ആരുമില്ലാത്ത അവൾക്ക് സ്നേഹിക്കാൻ മാത്രമായി ലഭിച്ച സ്നേഹസാഗരമായാണ്  അവൾ എന്നും മഴയെ കാണുന്നത്. തൻറെ മനസ്സ് വായിക്കാൻ കഴിവുള്ള മനസ്സിൽ ആഴമേറിയ സ്ഥാനം നേടിയ ഒരു മഹാ അനുഭൂതിയാണ് അവളെ സംബന്ധിക്കുമ്പോൾ മഴ . ആകാശത്തിൽ നിന്നും ഇറ്റു വീഴുന്ന മഴ ചെറിയ കുഴികളിലോ കുളങ്ങളിലോ അരുവികളിലോ വന്നു വീഴുന്ന കാഴ്ച അവളുടെ മനസ്സിൽ നിറയ്ക്കുന്ന സന്തോഷം അളവറ്റതായിരുന്നു. ആ മഴത്തുള്ളികൾ ഏതെങ്കിലും അരുവിയിലോ പുഴയിലോ ആയിരുന്നില്ല വീണത് അത് അവളുടെ മനസ്സിലേക്ക് തന്നെയായിരുന്നുഅവൾ കൈകൾ നീട്ടി ആ മഴത്തുള്ളികൾ തൻറെ കയ്യിലേക്ക് ഏറ്റുവാങ്ങുമ്പോൾ തൻറെ ജീവിതത്തിലെ സർവ്വസന്തോഷത്തെയും ഏറ്റുവാങ്ങുന്ന അനുഭൂതിയായിരുന്നു. അവളുടെ മുഖത്ത് വിരിഞ്ഞ പുഞ്ചിരിയിൽ ഉണ്ടായിരുന്നു അവളുടെ സന്തോഷമെല്ലാം . അനാഥാലയത്തിലെ അവളുടെ മുറിയിലെ പ്രകാശം അണഞ്ഞു കഴിയുമ്പോൾ .അവൾ ഉറങ്ങാനായി മഴയെ സ്വപ്നം കാണുന്നു. അവളും മഴയും

**ആകാശത്തിലൂടെ നടക്കുന്നതുപോലെ സ്വപ്നം കാണുന്നു.ഉറങ്ങുമ്പോഴും ഉണരുമ്പോഴും അവൾ മഴയെ കണ്ടുണരുന്നു ഉറങ്ങുന്നു. അവൾ സദാസമയം മഴയോടൊപ്പം സഞ്ചരിക്കുന്നു. ആത്മാവിൻറെ ഇരുൾത്തട്ടിൽ അവൾ മലയോടൊപ്പം സംസാരിക്കും.**
**ഒറ്റപ്പെട്ട ഏവർക്കും മഴ സുഹൃത്താകുന്നു തുണയാകുന്നു.. മഴ എന്നും നമ്മുടെ ജീവിതത്തിൻറെ ഭാഗമാണ്. അനാഥത്തിന്റെ ഒറ്റപ്പെടലിന്റെ ഒക്കെ ആഴം മാറ്റി നമ്മോട് ചേർന്ന് നിൽക്കാൻ മഴയ്ക്ക് സാധിക്കുന്നു. മഴയുടെ  മാസ്മരികത നമ്മളെ മത്തു പിടിപ്പിക്കുന്നു എല്ലാവർക്കും മഴ തുണയായിരിക്കും**

Santhwana 10D

# മനോഹരമായ ഭൂമി പ്രപഞ്ചം

പ്രപഞ്ചം ഇല്ല എന്ന ആദിയും അന്തവും ഇല്ലാത്ത അനന്തവിസ്മയത്തിലെ ഒരു ചെറു ഗോളമാണ് ഭൂമിത്ര ഭൂമിയിൽ ജീവൻറെ ഘടകങ്ങൾചേർന്ന സൂക്ഷ്മ കണികകളാണ് ജീവവർഗങ്ങൾജീവിവർഗങ്ങളുടെ പാർപ്പിടം ആണ് ഭൂമി .ജീവ രാശിയുടെ അടിസ്ഥാന ഘടകങ്ങളായ വായു ജലം മണ്ണ് എന്നീ സ്രോതസ്സുകൾ ഭൂമിയിൽ മാത്രമേ കാണപ്പെടുന്നുള്ളൂ.

ഭൂമിക്ക് മനോഹാരിത നൽകുന്ന ഘടകങ്ങളിൽ ഒന്നാണ് വൃക്ഷങ്ങൾ . ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പ് തന്നെ വൃക്ഷങ്ങളെ ആശ്രയിച്ചാണ് . മലിനമായ അന്തരീക്ഷത്തിൽ ശുദ്ധ വായുവിന്റെ ഉറവിടമായി വൃക്ഷങ്ങളെ നാം കരുതണം.അവർക്ക് അത്യാവശ്യമായ .സംരക്ഷണം നൽകണം.പ്രകൃതിയുടെ സ്വതസിദ്ധമായ രക്ഷാകവചമാണ് വനങ്ങൾ . മഴയും മഞ്ഞും കാറ്റും ചൂടും അതാത് ഋതുക്കളുടെ പേരിൽ യഥാക്രമം സഞ്ചരിക്കുവാനും ഈ ഹരിത സമ്പത്ത് ആവശ്യമാണ്. അതാണ് ഭൂമിയുടെ ഏറ്റവും വലിയ സമ്പത്ത് .ഇതിൻറെ ഭംഗി എത്ര വലുതാണ്.ജൈവവൈവിധ്യമാണ് ഭൂമിയുടെ മറ്റൊരു പ്രത്യേകത.ഭൂമിയിൽ ജീവൻറെ അടയാളങ്ങൾ പേറുന്ന ഏറ്റവും സൂക്ഷ്മ കണികകളാണ് ജീവവർഗങ്ങൾ .

സുസ്ഥിരമായ വികസനത്തിന്റെ
അടിസ്ഥാനമാണ് ജൈവവൈവിധ്യം
എന്നതിനാൽ അത് നിലനിർത്തുന്നതിന്
ആവശ്യമായ  പ്രവർത്തനങ്ങൾക്ക് പ്രാധാന്യം
കൊടുത്തേ തീരൂ.പലതരത്തിലുള്ള പക്ഷികളും
മൃഗങ്ങളും ഇഴജന്തുക്കളും മത്സ്യങ്ങളും
ചെറുജീവികളും പ്രാണികളും സൂക്ഷ്മങ്ങളായ
അനേകം ജീവജാലങ്ങളാൽസമർത്ഥമാണ്
നമ്മുടെ ഭൂമി. എത്ര മനോഹരമായ കാഴ്ചകൾ
ആണ് ഇതൊക്കെ നമുക്ക് പ്രധാനം ചെയ്യുന്നത്
ചെറുതും വലുതുമായ സസ്യ ഇഴ ജന്തുജാലങ്ങൾ
ഭൂമിയുടെ വരദാനങ്ങളാണ് ഭൂമിയുടെ സൗന്ദര്യം
നിലനിർത്തുന്നത് പ്രധാന പങ്ക് ജലത്തിനാണ്
ഭൂമിയെ പറ്റി പഠിച്ചാൽ ഭൂമിയുടെ നാലിൽ മൂന്ന്
ഭാഗവും ജലമാണ് ജലമില്ലാത്ത അവസ്ഥ
എത്ര നിർഭാഗ്യകരമാണ്. നമ്മുടെ ദാഹം
ശമിപ്പിക്കാനും നമ്മുടെ ഭക്ഷ്യ ധാന്യങ്ങളുടെ
ഉൽപാദനം പ്രവർത്തനങ്ങൾക്കും
മൃഗങ്ങളുടെയും പക്ഷികളുടെയും

എന്നുവേണ്ട സമസ്ത ജീവജാലങ്ങളുടെയും പ്രവർത്തനങ്ങൾക്ക് ജലം കൂടിയേ തീരൂ. നദികളും ഭൂമിയുടെ അഭിവാജ്യ ഘടകങ്ങളാണ്.. എന്നാൽ ഭൂമി ഇന്ന് മരിച്ചു കൊണ്ടിരിക്കുകയാണ് ആഗോളതാപനം ഭൂമിയെ കാർന്നു തിന്നുന്നു ഇതിൽനിന്നെല്ലാം ഭൂമിയെ രക്ഷിച്ചേ മതിയാകും അതിനു വേണ്ടി ഭൂമിയുടെ സമ്പത്ത് നമ്മൾ സംരക്ഷിക്കും.

ROBBEN MATHEW

8D

## സ്കൂളിൻറെ ചരിത്രം ഒറ്റനോട്ടത്തിൽ

ഒരു നൂറ്റാണ്ട് പിന്നിടുന്ന വെണ്മണി സ്കൂളിൻറെ ചരിത്ര നാഴികകളിലേക്കുള്ള എത്തിനോട്ടം. കർമ്മോത്സുകരായ അനേകം മഹാരഥന്മാരുടെ അക്ഷീണ യത്നം സ്കൂളിന്റെ മുഖച്ഛായ തന്നെ മാറ്റിയെടുത്തു ഇവിടെ നിന്നും പഠിച്ചിറങ്ങിയവർ നാടിൻറെ ചരിത്രം മാറ്റി എഴുതി രാജ്യത്തിനകത്തും പുറത്തും ധീരമായ നേതൃത്വം നൽകുന്ന പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലെ ,എന്നും നെഞ്ചോട് ചേർത്തുനിർത്തുന്ന നാട്ടുകാർ പ്രളയവും മഹാമാരിയും ഒന്നിന് പിറകെ ഒന്നായി ആടിനെ തകർത്തിരുന്നപ്പോഴും കൂടിനിൽക്കാൻ കരുത്തായി സ്കൂളിലെ വിവിധ സംഘടനകൾ രക്ഷകർത്താക്കളുടെ നേതൃത്വവും സാന്നിധ്യം വിദ്യാലയം എന്ന വാക്ക് വിദ്യാഭ്യാസം എന്നതിലുപരി സാമൂഹിക കുടുംബം എന്ന വലിയ ബോധത്തിലേക്ക് മാറിയിരിക്കുന്നു

രക്ഷകർത്താക്കളുടെ നേതൃത്വവും സാനിത്വവും .വിദ്യാലയം എന്ന വാക്ക് വിദ്യ അഭ്യസിക്കുന്ന ഇടം എന്നതിലുപരി സാമൂഹിക കുടുംബം എന്ന വലിയ ബോധത്തിലേക്ക് മാറിയിരിക്കുന്നു. ഇന്ന് നേരിടേണ്ടി വരുന്ന വെല്ലുവിളികൾ നിരവധിയാണ് .
ലഹരിപദാർത്ഥങ്ങളുടെ ലഭ്യത വിവരസാങ്കേതികവിദ്യയുടെ അമിതമായ കടന്നുകയറ്റം ,ഒന്നിനെയും നേരിടാൻ കഴിയാത്ത പുതിയ തലമുറ തൊഴിലില്ലായ്മ അമിതമായ സ്വാതന്ത്ര്യ ബോധമിങ്ങനെ നിരവധി വെല്ലുവിളികളെ അതിജീവിച്ച് ലക്ഷ്യപ്രാപ്തിയാൽ കരുത്ത് നൽകുന്ന ഇടമായി വിദ്യാലയം മാറുകയും മനുഷ്യൻ തിരിച്ചറിവുകൾ പ്രധാനം ചെയ്യുകയും ചെയ്യുന്നതിനായി വിദ്യാഭാസം രൂപപ്പെടേണ്ടതുണ്ട് .ee മഹത്തായ ലാഖ്യം കൈവരിക്കുന്നതിന് വെൺമണി മാർത്തോമാ ഹയർസെക്കണ്ടറി സ്കൂൾ ബഹുദൂരം മുന്നോട്ടുവന്നിരിക്കുന്നു എന്നതിൽ ഈ ഗ്രാമം അഭിമാനിക്കുന്നു ,

ആലപ്പുഴജില്ലയുടെ കിഴക്കേയറ്റത് ചെങ്ങന്നൂർ താലൂക്കിന്റെ തെക്കേ അതിർത്തിയിൽ സ്ഥിതി ചെയുന്ന വെൺമണി ചരിത്രാതീതകാലത്തു സ്ഥാപിക്കപ്പെട്ട 64 ഗ്രാമങ്ങളിൽ ഒന്നാണെന്ന് വിശ്വസിക്കപ്പെടുന്നു. മതസ്വാഹാർത്ഥം പുലർത്തിയിരുന്ന ഗ്രാമം.

ക്രാന്തദര്ശികളായ പൂർവികരുടെ പ്രവർത്തനം

സാമ്പത്തികമായി പിന്നോക്കമായിരുന്നെങ്കിലും ഒരു നൂറ്റാണ്ടിനുമുന്പ് തന്നെ വിദ്യാഭാസത്തിന്റെ അമൂല്യ സമ്പന്നത തിരിച്ചറിഞ്ഞ ക്രാന്തദർശികളായ പൂർവികർ നമുക്കുണ്ടായിരുന്നു
.

പിൻതലമുറയെ ബൗദ്ധിക തലത്തിൽ ഉയർത്തുവാനുള്ള അടിത്തറ ഒരുക്കിയിരുന്നു മലങ്കര സുറിയാനി സഭയിൽ കൊല്ലവർഷം 1012 ൽ ഉണ്ടായ നവീകരണ പ്രസ്ഥാനത്തെ തുടർന്ന് നവീകരണ കക്ഷിക്കാരായ ക്രിസ്ത്യാനികൾ സൺഡേസ്കൂൾ നടത്തിപ്പോന്ന മന്ദിരം പ്രസ്തുത അവകാശം നിലനിർത്തിക്കൊണ്ട് കൊല്ലവർഷം 150 ചിങ്ങമാസം ഒന്നാം തീയതി തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിന് എഴുതിക്കൊടുത്തു ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള കളം ഒരുക്കുക എന്ന മഹത്തായ കൃത്യമാണ് ഈ കൈമാറ്റത്തിലൂടെ നമ്മുടെ പൂർ പിതാക്കന്മാർ ചെയ്തത് പ്രസ്തുത മന്ദിരം കാലക്രമേണ വിപുലീകൃതമായതാണ് ഇന്ന് നാം കല്യാത്രയിൽ കാണുന്ന ഗവൺമെൻറ് ജൂനിയർ ബേസിക് സ്കൂൾ -

# സ്വാതന്ത്രദിനം

സ്വാതന്ത്ര്യം തന്നെ ജീവിതം
സ്വാതന്ത്ര്യം തന്നെ അമൃതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയേക്കാൾ ഭയാനകം
സ്വാതന്ത്ര്യ ദിനത്തെ പറ്റഒരു വാക്ക്

ഓരോ വർഷവും സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഓരോ പടവുകൾ കയറുമ്പോൾ അർഹിക്കുന്ന സ്വാതന്ത്ര്യത്തിലേക്ക് നാം എത്തുന്നുണ്ടോ. ചിന്തിക്കേണ്ടിയിരിക്കുന്നു. സഹജീവിയുടെ സ്വാതന്ത്ര്യത്തെ നാം മാനിക്കുന്നുണ്ടോ . നമ്മുടെ ചുറ്റും വരിഞ്ഞു മുറുകിയിരിക്കുന്ന ജാതി മത രാഷ്ട്രീയ സാമ്പത്തിക ചങ്ങലകളെ പൊട്ടിച്ചെറിഞ്ഞ് നാം ഒന്നാണ് ഒരൊറ്റ ജനതയാണ് എന്ന ആർഷഭാരത സംസ്കാരത്തിലേക്ക് നടന്നടുക്കാൻ നമ്മൾക്ക് സാധിക്കണം. അതിന്റെ ഓർമ്മപ്പെടുത്തലാണ് ഓരോ സ്വാതന്ത്ര്യ ദിനാഘോഷവും . ആ നല്ല നാളെയുടെ ശുഭപ്രതീക്ഷകളുമായി നമുക്ക് മുന്നേറാം എല്ലാറ്റിലും സമത്വം ദർശിക്കുന്ന ആ നല്ല നാളേയിലേക്ക് നമുക്കും നടന്നടുക്കാം ഒരിക്കൽ കൂടി എല്ലാവർക്കും നല്ല ഒരു സ്വാതന്ത്ര്യ ദിന ആശംസകൾ നിർത്തുന്നു. ജയ് ഹിന്ദ്

ARUNA 10C

# ലോകപരിസ്ഥിഥിദിനം

ജൂൺ 5 ലോക പരിസ്ഥിതി ദിനം . പരിസ്ഥിതി സംരക്ഷിക്കുന്ന തിന്നും ചേർത്തുപിടിക്കുന്നതിനും നമ്മെ ഓർമ്മിപ്പിക്കുന്ന ദിനം. ഓർമ്മപ്പെടുത്തലിൽ ഉപരി ചേർത്തുപിടിക്കലിന്റെ ആവശ്യകതയാണ് ഇന്നിന്റെ ആവശ്യം. ഭൂമിയും അതിലെ ഓരോ അണുവും നമ്മുടെ നൊമ്പരമായിരിക്കണം എങ്കിൽ മാത്രമേ അതിനെ നാം ചേർത്തുപിടിക്കുകയുള്ളൂ. മാലിന്യങ്ങൾ ഭൂമിയുടെ ശാപമാണ്. നാം നിസ്സാരമായി വലിച്ചെറിയുന്ന പലതും ഭൂമിയുടെ നാശമായി മാറുകയാണ്. മാലിന്യങ്ങൾ അനുയോജ്യമായി സംസ്കരിച്ച് ഭൂമിയെ മാലിന്യമുക്തമാക്കാം മനോഹരമാക്കാ൦ . ഭൂമിയെ സംരക്ഷിക്കുക ഈ നിമിഷത്തിന്റെ ആവശ്യകതയാണ്. സംരഷിക്കാം ചേർത്തുപിടക്കാം നാളേക്കായി.

ALAINA 10C



suhana noushad




Amana

# Thanks





